Shifting of the District Court.

*258. MR. V. K. VARGHESE: Will the Hon'ble Minister for Judiciary be pleased to state;

(*a*) whether any representations have been received by the Government for shifting the District Court from Mavelikara to Chengannur;

(*b*) what steps have been taken on these representations; and

(*c*) whether final orders are passed on this question? If so, what it is?

HON'BLE MR. A. J. JOHN:

(*a*) Yes.

(*b*) and (*c*) the High Court after consideration have decided that no shifting is necessary as no reasonable grounds exist.

MR. KANNARA GOPALA PANICKER (*Thiruvalla II—General*): മാവേലിക്കരനിന്നു ചെങ്ങന്നൂരേക്ക് കോടതി മാറേണ്ട എന്നു തീരുമാനിക്കാൻ കാരണമെന്താണ്?

HON'BLE MR. A. J. JOHN: ഹൈക്കോടതിയുമായി ആലോചിച്ചതിനുശേഷം മാറേണ്ട ആവശ്യമില്ലെന്നു കണ്ടതുകൊണ്ടാണ് അങ്ങിനെ തീരുമാനിച്ചിട്ടുള്ളത്.

MR. KANNARA GOPALA PANICKER: മാവേലിക്കര ഡിസ്ട്രിക്റ്റ് കോടതിയിൽനിന്നും ചെങ്ങന്നൂരേക്ക് എത്ര ദൂരമുണ്ടെന്നു അറിയാമോ?

HON'BLE MR. A. J. JOHN: ദൂരമുണ്ടെന്നു അറിയാം. എത്ര ദൂരമുണ്ടെന്നു നല്ല നിശ്ചയമില്ല.

MR. KANNARA GOPALA PANICKER: മാവേലിക്കര ജില്ലാക്കോടതി സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും പടിഞ്ഞാട്ട് അതിന്റെ ജൂറിസ്ഡിക്ഷൻ 8 മൈൽ തെർഘ്യത്തിലുണ്ടെന്നറിയാമോ?

HON'BLE MR. A. J. JOHN: എനിക്ക് നല്ല നിശ്ചയമില്ല. മെമ്പർ പറയുന്നതുകൊണ്ടു അതു വിശ്വസിക്കാം.

MR. K. K. CHELLAPPAN PILLAI: മാവേലിക്കര ജില്ലാക്കോടതി കിടക്കുന്ന സ്ഥലത്തുനിന്നും മാറ്റണമെന്നു ഗവണ്മെന്റു വിചാരിക്കുകയും അന്വേഷണത്തിനുശേഷം രണ്ടാമതു മാറേണ്ടതില്ലെന്നു തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. J. JOHN: അങ്ങിനെ തീരുമാനിച്ചിട്ടുണ്ടെന്നു അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. KANNARA GOPALA PANICKER : മാവേലിക്കര ജില്ലാക്കോടതി സ്ഥാപിച്ചിട്ടുള്ളതു ലാസ ഡിലേസ് കമ്മിറ്റിയുടെ റിപ്പോർട്ടിനു വിപരീതമായിട്ടാണെന്നറിയാമോ ?

HON'BLE MR. A. J. JOHN : അങ്ങിനെയാണോ എന്നു നിശ്ചയമില്ല.

MR. KANNARA GOPALA PANICKER : മാവേലിക്കര ജില്ലാക്കോടതി ചെങ്ങന്നൂർകാക്കു വളരെ അസൗകര്യമുള്ളതാണെന്നറിയാമോ?

HON'BLE MR. A. J. JOHN : സാധാരണയായി ജനങ്ങളുടെ സൗകര്യം അനുസരിച്ചാണു് കോടതികൾ സ്ഥാപിക്കുന്നതു്. ജനങ്ങളുടെ സൗകര്യംനോക്കി ഹൈക്കോടതിയും ഗവണ്മെൻറുമായി ആലോചിച്ചാണു് കോടതികൾക്കു് സ്ഥാനം നിശ്ചയിക്കുന്നതു്. ഇപ്പോൾ കോടതി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുനിന്നും അതു മാറ്റുവാൻ തക്കവണ്ണം തടസ്സങ്ങളൊന്നും ഇല്ലെന്നാണു് അറിയുന്നതു്.

MR. KANNARA GOPALA PANICKER : കോടതി മാറുന്നതു് ഭരണപരമായ ഒരു കാര്യമല്ലേ?

HON'BLE MR. A. J. JOHN : അതെങ്ങിനെയായാലും പൊതുജനങ്ങളുടെ സൗകര്യമാണു് ഇതിൽ പ്രധാനമായി നോക്കുന്നതു്.

MR. K. K. CHELLAPPAN PILLAI : കോടതി മാവേലിക്കരനിന്നും ചെങ്ങന്നൂരേക്കു് മാറ്റുന്നതിനെ സംബന്ധിച്ചു് വേണ്ട അന്വേഷണം നടത്തിയതിനുശേഷമാണോ ഈ തീരുമാനം എടുത്തിട്ടുള്ളതെന്നറിയാമോ?

HON'BLE MR. A. J. JOHN : അന്വേഷണം നടത്തിയിട്ടുണ്ടു്.

MR. KANNARA GOPALA PANICKER : കോടതി അതിന്റെ ജൂറിസ്ഡിക്ഷൻ മിക്കവാറും സെൻട്രലിലായിരിക്കണമെന്നു വിചാരിക്കുന്നില്ലേ?

HON'BLE MR. A. J. JOHN : ഏവിടെയായാലും സൗകര്യമുള്ള സ്ഥലത്തായിരിക്കണമെന്നല്ലാതെ സെൻട്രൽ പ്ലേസിൽതന്നെ ആയിരിക്കണമെന്നു വിചാരമില്ല.

MR. KANNARA GOPALA PANICKER : ഇപ്പോൾ കോടതി സ്ഥാപിച്ചിരിക്കുന്നതു് ഗവണ്മെൻറിന്റെ വക കെട്ടിടത്തിലല്ലെന്നറിയാമോ?

HON'BLE MR. A. J. JOHN : അറിയാം. ഒരു വാടക കെട്ടിടത്തിലാണു് ഇപ്പോൾ നടത്തിവരുന്നതു്.

MR. KANNARA GOPALA PANICKER : കോടതി മാവേലിക്കരനിന്നും ചെങ്ങന്നൂരേക്കു മാറുകയാണെങ്കിൽ വാടക കൊടുക്കാതെതന്നെ അവിടെയുള്ള ഗവണ്മെൻറു കെട്ടിടം ഉപയോഗിക്കാൻ സാധിക്കുമെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : വാടക കൊടുക്കുന്ന കാര്യംമാത്രം നോക്കി കോടതി മാറുന്നതു ശരിയല്ല.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : മാവേലിക്കര ജില്ലാക്കോടതി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ സൗകര്യാസൗകര്യങ്ങളെപ്പറ്റി ഹൈക്കോടതിയിൽനിന്നും വന്നിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

HON'BLE MR. A. J. JOHN : റിപ്പോർട്ടിൽ ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ അതിനെപ്പറ്റി അന്വേഷിച്ചതിനുശേഷമാണ് മാറ്റേണ്ടോ എന്നു ഹൈക്കോടതി റിപ്പോർട്ടു ചെയ്തിട്ടുള്ളതു്.

MR. P. BALAKRISHNAN TAMPI (*Mavelikara III—General*): Is the Government aware that the house of Mr. P. Balakrishnan Tampi is no more distant from the Mavelikara Court than that of Mr. Gopala-Panicker? (Loud laughter).

MR. PRESIDENT: That question is ruled out.

MR. ABDUL AZIZ (*Trivandrum I—Muslim*): പൊതുജനങ്ങളുടെ സൗകര്യത്തേക്കാൾ കൂടുതലായി മാവേലിക്കരയിലേയും ചെങ്ങന്നൂരിലേയും അഭിഭാഷകർ തമ്മിലുള്ള ഒരു തർക്കം എന്ന നിലയിലല്ലേ ഇതിനെ കണക്കാക്കേണ്ടതു്.

അലുവാ പഞ്ചായത്തു ജഡ്ജി.

259. MR. A. V. JOSEPH (*Kunnathunad I—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ ?

(എ) അലുവാ പഞ്ചായത്തു ജഡ്ജി അവർകളുടെ സ്വദേശം ഏതാണ്?

(ബി) ആ കോടതിസമയം എന്താണെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിന് ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : അലുവാ പഞ്ചായത്തുകോടതി ജഡ്ജി അവർകളുടെ സ്വദേശം ഏതാണെന്നാണ് ചോദ്യം. എന്നാൽ അലുവാ പഞ്ചായത്തുകോടതിയിൽ ഒരു ജഡ്ജിമാരുണ്ട്. ഈ അഞ്ചുപേരുടേയും സ്വദേശം അറിയണമെന്നുണ്ടെങ്കിൽ പറയാം.

പ്രസിഡന്റ്, അലുവാ കോടതിയിൽ വ്യവഹരിക്കുന്ന പറവൂർ സ്വദേശിയും, സീനിയർ ജഡ്ജി, തോട്ടുംമുഖം സ്വദേശിയും, രണ്ടു ജഡ്ജിമാർ അലുവാ മുനിസിപ്പൽ അതിർത്തിയിൽ താമസിക്കുന്നവരും, ഒരു ജഡ്ജി അലുവായിൽനിന്നും അഞ്ചു മൈൽ ദൂരത്തുള്ള കരുമാല്ലൂർ സ്വദേശിയും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly